**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4804** **13-03-2023 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ മിഷന്റെ ഭാഗമായി പൊതുമരാമത്ത് റോഡ് കട്ടിംഗിന് ശേഷമുള്ള പുനർനിർമ്മാണ പ്രവൃത്തികൾക്ക് കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സമയബന്ധിതമായി റോഡ് ഗതാഗത യോഗ്യമാക്കി പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . ജലജീവൻ മിഷന്റെ ഭാഗമായി റോഡ് കട്ടിംഗിനായി ബന്ധപ്പെട്ട വകുപ്പിൽ നിന്നും അനുമതി ലഭിച്ചതിനുശേഷം മാത്രമാണ് പൈപ്പിടുന്നതിനായി റോഡ് കുഴിക്കുന്നത്. കേരള വാട്ടർ അതോറിറ്റിയും പൊതുമരാമത്ത് വകുപ്പും സംയുക്തമായി കോർഡിനേഷൻ കമ്മിറ്റി (DICC) നിലവിലുണ്ട്. ഈ കമ്മിറ്റി എല്ലാ മാസവും ജില്ലാ കലക്ടറുടെ അധ്യക്ഷതയിൽ യോഗം ചേരാറുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പും ജലഅതോറിറ്റിയും സംയുക്തമായി കൈകാര്യം ചെയ്യുന്ന റോപോർട്ടലും സുഗമ പോർട്ടലും നിലവിലുണ്ട്. വാട്ടർ അതോറിറ്റി പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വിതരണ കുഴലുകൾ സ്ഥാപിക്കേണ്ട റോഡുകളുടെ വിശദാംശങ്ങൾ റോപോർട്ടൽ വഴി പൊതുമരാമത്ത് വകുപ്പിനെ അറിയിക്കുന്നുണ്ട്. തുടർന്ന് പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന തുക വാട്ടർ അതോറിറ്റി പൊതുമരാമത്ത് വകുപ്പിന് കൈമാറുകയും അനുമതി ലഭ്യമാക്കുകയും ചെയ്യുന്നു. ഇപ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ലഭിച്ചതിനു ശേഷമാണ് പൈപ്പുകൾ സ്ഥാപിക്കുന്നതിനായി റോഡ് കുഴിക്കുന്നത്. എന്നാൽ 24-02-2022 ലെ സർക്കാർ ഉത്തരവ് നമ്പർ G.O.(MS) No.8/2022/PWD പ്രകാരം പൊതുമരാമത്ത് റോഡുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന അറ്റകുറ്റപണികൾ നടത്തി പുനരുദ്ധാരണം നടത്തേണ്ടത് കേരള വാട്ടർ അതോറിറ്റിയാണ്. ആയതിനാൽ പ്രസ്തുത തീയ്യതിയ്ക്ക് ശേഷം നടപ്പിലാക്കുന്ന പ്രവൃത്തികളുമായി ബന്ധപ്പെട്ടുള്ള പുനരുദ്ധാരണ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ കേരള വാട്ടർ അതോറിറ്റി നേരിട്ട് ചെയ്യുന്ന വിധത്തിലാണ് നടപ്പിലാക്കുന്നത്. നിലവിൽ 14-02-2023 ലെ സർക്കാർ ഉത്തരവ് നം. G.O.(MS) |

| | | | |
|---|---|---|---|
| | | | No.11/2022/PWD പ്രകാരം പുതുക്കി വിശദമായ മാർഗ്ഗ നിർദേശം ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. ഇതുപ്രകാരവും പൈപ്പുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന അറ്റകുറ്റപണികൾ നടത്തി പുനരുദ്ധാരണം നടത്തേണ്ടത് കേരള വാട്ടർ അതോറിറ്റിയാണ്.<br><br>കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുള്ള റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ കാലതാമസമില്ലാതെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പും കേരള വാട്ടർ അതോറിറ്റിയും സംയുക്തമായി സ്വീകരിക്കുന്നതാണ്. ഇതിനായി ജില്ലാ കലക്ടർമാരുടെ നേതൃത്വത്തിലും സർക്കാർതലത്തിലും ആവശ്യമായ അവലോകന യോഗങ്ങൾ നടത്തി നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ